## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.426 — 12.06.2012 ൽ മറുപടിയ്ക്ക്

### പുതിയ റൂട്ടുകൾ

| ചോദ്യം<br>ശ്രീമതി ഗീതാ ഗോപി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി |
|---|---|---|
| (എ) സ്വകാര്യ ബസ്സുകൾക്ക് പുതുതായി റൂട്ടുകൾ അനുവദിക്കുന്നുണ്ടോ ; | (എ) | ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പുതുതായി റൂട്ട് അനുവദിക്കുന്നില്ല. മറ്റു റൂട്ടുകളിൽ അപേക്ഷ നൽകുന്നതനുസരിച്ച് ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ പരിശോധിച്ച് പെർമിറ്റ് നൽകുന്നുണ്ട്. |
| (ബി) കെ.എസ്.ആർ.ടി.സി. പുതിയ ഷെഡ്യൂളുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡമെന്ത് എന്ന് വ്യക്തമാക്കുമോ ; | (ബി) | പുതിയ ഒരു സർവ്വീസ് ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചാൽ ആയത് സാധ്യതാ പഠനത്തിന് വിധേയമാക്കി യാത്രക്കാർക്ക് പ്രയോജനപ്രദമായും കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായും നടത്തുവാൻ കഴിയുമെന്ന് ബോധ്യപ്പെട്ടാൽ ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് സർവ്വീസ് ആരംഭിക്കുന്നതാണ്. എന്നിരുന്നാലും ദേശസാൽകൃത റൂട്ടുകളിലും നോട്ടിഫൈഡ് റൂട്ടുകളിലും സർവ്വീസ് ആരംഭിക്കുന്നതിനാണ് കെ.എസ്.ആർ.ടി.സി മുൻഗണന നൽകുന്നത്. |
| (സി) നിലവിൽ യാത്രാ സൗകര്യം തീരെയില്ലാത്ത റൂട്ടുകളിൽ ബസ്സുകൾക്ക് റൂട്ട് അനുവദിക്കുന്നതിന് മുൻഗണന നൽകുമോ എന്ന് വ്യക്തമാക്കാമോ ? | (സി) | ദേശസാൽകൃത റൂട്ടുകളിൽ ഒഴികെ റൂട്ട് പെർമിറ്റുകൾ അനുവദിക്കുന്നതിന് നിലവിൽ നിയന്ത്രണമൊന്നുമില്ല. അപേക്ഷ കിട്ടുന്ന മുറയ്ക്ക് അതാത് ആർ.ടി.എ. പരിഗണിക്കുന്നതാണ്. യാത്രാ സൗകര്യം തീരെയില്ലാത്ത റൂട്ടുകളിൽ യാത്രക്കാർക്ക് പ്രയോജനപ്രദമായും കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായും നടത്തുവാൻ കഴിയുമെന്ന് ബോധ്യപ്പെട്ടാൽ ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് സർവ്വീസ് ആരംഭിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ